# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുടക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-2)1460/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-2)1460/2023 തീയ്യതി: 02/12/2023

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിന്ദു എസ് നായർ. | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ് ജെ.ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷൈബി ഇ.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.സജീവ് എൻ.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.കിരൺ കെ.എ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി പി അവറാച്ചൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സാവിത്രിക്കുട്ടി പി എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സേതു കെ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.അന്ന ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 30-06-2022 |
| ശ്രീ.സുഭാഷ് ജി | അസിസ്റ്റന്റ് എഞ്ചിനിയർ -ഇൻ-ചാർജ്ജ് | 01-07-2022 | 09-02-2023 |
| ശ്രീമതി.അന്ന ബേബി | അസിസ്റ്റന്റ് എഞ്ചിനിയർ | 10-02-2023 | 31-03-2023 |
| ഡോ.രജിക കുട്ടപ്പൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മൂടക്കുഴ | 01-04-2022 | 31-03-2023 |
| ഡോ.അഹിത എ കാദർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 21-06-2022 |
| ഡോ.ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-06-2022 | 31-03-2023 |
| ഡോ.സാറാ നന്ദ മാത്യൂ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ജെസി എ എസ് | വെറ്ററിനറി സർജൻ (തുരുത്തി) | 01-04-2022 | 31-03-2023 |
| ഡോ.അനിൽ എ ബി | വെറ്ററിനറി സർജൻ (മൂടക്കുഴ) | 01-04-2022 | 31-03-2023 |
| ശ്രീമതി.അഞ്ജന എസ് | കൃഷി ഓഫീസർ | 01-04-2022 | 19-05-2022 |
| ശ്രീമതി.ഹാജറ പി.എച്ച് | കൃഷി ഓഫീസർ | 20-05-2022 | 31-03-2023 |
| ശ്രീമതി.ജെസ്മൽ ഹൈന | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി.രമ്യ കെ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ശ്രീമതി.മിനി ജോസഫ് | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മൂടക്കുഴ | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ശ്രീ.മുഹമ്മദ് അലി | ഹെഡ്മിസ്ട്രസ്, ഗവ.യു പി എസ്, മുടക്കുഴ | 01-07-2022 | 31-03-2023 |
| ശ്രീമതി.സിന്ധു പി.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജുവൽ ജോയ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജാൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുടക്കുഴ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ജാൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുരുത്തി)-ചാർജ് | 01-04-2022 | 24-07-2022 |
| ശ്രീമതി.ഗ്രീഷ്മ ജി നാഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തുരുത്തി) | 25-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വികസന ഫണ്ട്-സാധാരണ വിഹിതം-ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല | 1-1-6 |
| 8 | ഒരേ ഇനത്തിന്റെ ലൈസൻസ് ഫീ രണ്ട് ശീർഷകങ്ങളിൽ രേഖപ്പെടുത്തി | 1-1-7 |
| 9 | ബജറ്റ്. | 1-2 |
| 10 | സാമ്പത്തിക വിശകലനം. | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | അഭ്യന്തര നിയന്ത്രണം. | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനതു വരുമാനം - അവലോകനം | 1-11 |
| 19 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 20 | കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല | 1-13 |
| 21 | നമ്പറിംഗ് ഫയലുകളിൽ ഒറ്റതവണ നികുതി റിട്ടേണുകൾ വാങ്ങി സൂക്ഷിക്കുന്നില്ല | 1-14 |
| 22 | IFTE & OS ലൈസൻസ് - അപാകതകൾ | 1-15 |
| 23 | വസ്തുനികുതി- റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല | 1-16 |
| 24 | ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-17 |
| 25 | ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല | 1-18 |
| 26 | ബഡ്സ് സ്കൂൾ വാഹന വാടക-ആദായ നികുതി കുറവ് ചെയ്തില്ല | 1-19 |
| 27 | എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ-വിതരണം നടത്തിയില്ല | 1-20 |
| 28 | മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 29 | പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ-മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് | 1-22 |
| 30 | ആട് വിതരണം പദ്ധതി-ഇൻഷ്വറൻസ് രേഖയിൽ അപാകത | 1-23 |
| 31 | തെരുവിളക്ക് മെയിന്റനൻസ് - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. | 1-24 |
| 32 | വൈദ്യുതി പോസ്റ്റ് നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 33 | പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-26 |
| 34 | എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-27 |
| 35 | തുല്യത പഠനം - പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 36 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - പദ്ധതി പൂർത്തിയായിട്ടില്ല | 1-29 |
| 37 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 38 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല. | 1-31 |
| 39 | അളന്ന പാലിന് അനുസൃതമായല്ല തുക നൽകിയത്. | 1-32 |
| 40 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 41 | നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല | 1-34 |
| 42 | ഡ്രൈൻ നിർമ്മാണത്തിനായി കുഴിച്ച് കിട്ടിയ മണ്ണ്-വിവരം എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-35 |
| 43 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ(ജനറൽ)-അപാകത | 1-36 |
| 44 | ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അളന്ന പാലിനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുടക്കുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.07.2023 ലെ 5(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുടക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി : 02.12.2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹28,29,275/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹33,15,107/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി ചേർത്തിട്ടില്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വിവിധ ഇനങ്ങളിലായി ₹8,09,681.00 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 വികസന ഫണ്ട്-സാധാരണ വിഹിതം-ചെലവ് രേഖപ്പെടുത്തിയത് കൃത്യമല്ല

വികസന ഫണ്ട്-ജനറൽ യഥാർത്ഥ ചെലവ് ₹1,13,45,376.00 ആണ്. ജി ഒ പ്രൊജക്ട് നമ്പർ S281/23 പ്രകാരമുള്ള ₹2,77,400/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഈ ഫണ്ടിനത്തിലെ ചെലവ് ₹1,10,67,976.00 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-7 ഒരേ ഇനത്തിന്റെ ലൈസൻസ് ഫീ രണ്ട് ശീർഷകങ്ങളിൽ രേഖപ്പെടുത്തി

ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഫീ ഇനത്തിൽ തൻവർഷം ലഭിച്ച ₹3800/- 140110110 എന്ന ശീർഷകത്തിൽ ₹200/-, 431300103 ശീർഷകത്തിൽ ₹3600/- എന്നിങ്ങനെ രണ്ട് ഹെഡ്ഡുകളിലായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

### 1-2 ബജറ്റ്.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് 18.03.2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയത് 23.02.2023-ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 2 തീയതി 04.03.2022) | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(1) തീയതി 23.02.2023) |
|---|---|---|
| മുന്നിരുപ്പ് | ₹ 8890749.00 | ₹ 8890749.00 |
| വരവ് | ₹174433096.00 | ₹ 176937167.00 |
| ആകെ | ₹ 183323845.00 | ₹185827916.00 |
| ചെലവ് | ₹ 173470696.00 | ₹175893094.00 |
| നീക്കിയിരുപ്പ് | ₹9853149.00 | ₹ 9934822.00 |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | ₹1,41,91,700.00 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹3,59,19,415.00 |
| ആകെ | ₹5,01,11,115.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹3,30,90,140.00 |
| നീക്കിയിരിപ്പ് | ₹1,70,20,975.00 |

ഈ പത്രികയിലെ വരവ് - ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) | ചെലവഴിക്കാതെ പോയ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ)* | 0 | 12036000 | 12036000 | 11345376 | 0 | 690624 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6153000 | 6153000 | 5387808 | 0 | 765192 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 20385000 | 20385000 | 17543480 | 0 | 2841520 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3874836 | 0 | 695164 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 236270 | 236270 | 0 | 0 | 236270 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) | 2063211 | 2093000 + 188878 (പലിശ) | 4345089 | 3595466 | 749623 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) | 0 | 2286976 | 2286976 | 0 | 0 | 2286976 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ബാങ്ക്) | 3031000 | 3139000 | 6170000 | 3586049 | 2583951 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്-അങ്കണവാടി പൂരക പോഷകാഹാരം 320100196 | 0 | 1678574 | 1678574 | 176387 | 1502187 | |
| 320100139 ആയുഷ് ഹെൽത്ത് ഗ്രാന്റ് | 0 | 1000000 | 1000000 | 0 | 1000000 | |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 236447 + 2472 (പലിശ) | 238919 | 25220 | 213699 | |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 110000 + 1230 (പലിശ) | 111230 | 0 | 111230 | |

| | | | | | | |
|---|---|---|---|---|---|---|
| സാനിട്ടേഷൻ 320100181 | 19 | 0 | 19 | 0 | 19 | |
| NPPD | 1250000 | 0 | 1250000 | 0 | 1250000 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| വിമുക്തി, ആശ്രയ,കില 320300199 | 17615 | 0 | 17615 | 0 | 17615 | |
| 320200399 (ലൈഫ്-സംസ്ഥാന വിഹിതം) | 0 | 2800000 | 2800000 | 1720000 | 1080000 | |
| ശുചിത്വമിഷൻ 320100198 | 981877 | 0 | 981877 | 0 | 981877 | |
| ഖരമാലിന്യ സംസ്കരണം 320200304 | 400416 | 0 | 400416 | 0 | 400416 | |
| സാനിട്ടേഷൻ 320300103 | 922541 | 0 | 922541 | 45000 | 877541 | |
| 320200309 സാക്ഷരത | 7421 | 209 | 7630 | 0 | 7630 | |
| നിർമ്മൽ പുരസ്കാർ | 126 | 0 | 126 | 0 | 126 | |
| 320800199 ജനകീയ ഭവനപദ്ധതി | 1201 | 34 | 1235 | 0 | 1235 | |
| 320100125 ഐ സി ഡി എസ്-സർവീസ് | 64000 | 0 | 64000 | 0 | 64000 | |

*വികസന ഫണ്ട് (ജനറൽ) ചെലവ് തുക അക്കൗണ്ട് ചെയ്തതിലെ വ്യത്യാസം ഖണ്ഡിക നമ്പർ 1-1-6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ തുക, സംരക്ഷണ ഗ്രാന്റ്-റോഡ് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും കുറവ് വന്നിട്ടുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 219 | 95550122. | 59236722 | 127 | 83 | 9 | 57.99% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1079 | 737610+ 1128 | 739817 | 737610 | 2207 |

| | | | | | |
|---|---|---|---|---|---|
| | | (പലിശ) | | | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 16469474 | 16469474 | 16469474 | 0 |
| ആകെ | 1079 | 17208212 | 17209291 | 17207084 | 2207 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 4096400.00 | 376 |
| വാർദ്ധക്യകാലപെൻഷൻ | 15602800.00 | 1499 |
| വിധവാപെൻഷൻ | 8447000.00 | 771 |
| വികലാംഗപെൻഷൻ | 3238900.00 | 291 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 576400.00 | 51 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 01 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2023 -ന് 3.15 Pm -ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1753/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം.

പഞ്ചായത്തിന്റെ ജനറൽ മിനുട്സ്, ധനകാര്യ കമ്മിറ്റി മിനുട്സ്, സ്റ്റാൻഡ് കമ്മിറ്റി മിനുട്സ് മറ്റു രേഖകൾ എന്നിവ ശരിയാംവണ്ണം പരിപാലിച്ചുവരുന്നുണ്ട്. യോഗ തീരുമാനങ്ങളും രേഖപ്പെടുത്തുന്നുണ്ട്. താഴെ പറയുന്ന ഓഡിറ്റ് പരാമർശങ്ങളൊഴിച്ച് ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട മറ്റ് രജിസ്റ്ററുകളും പ്രധാനപ്പെട്ട രേഖകളും ശരിയാംവണ്ണം പരിപാലിച്ചു വരുന്നുണ്ട്.

1. പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ നടപ്പാക്കുന്നതിന്റെ അച്ചടി ജോലികൾ ക്വട്ടേഷൻ മുഖേന ഒരു സ്ഥാപനത്തെ ഏല്പിക്കുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റ് സ്ഥാപനങ്ങളെ അച്ചടി ജോലി ഏല്പിക്കുന്നതായി കാണുന്നു. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

2. വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നില്ല. നിരക്ക് നിശ്ചയിച്ച് കരാറിൽ ഏർപ്പെടാതെയാണ് മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം നടപ്പാക്കിയ പദ്ധതികളിൽ വാഹനവാടക നൽകിയിട്ടുള്ളത്.

3. തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്ത തുകകൾ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെന്നതിന്റെ രേഖയായി UTR സ്റ്റേറ്റ്മെന്റ് ഫയലുകളിൽ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 - 22.04.2015 | 2010-11 മുതൽ 2014-15 വരെ | 08.06.2015 |

## 1-11 തനതു വരുമാനം - അവലോകനം

13 വാർഡുകളിലായി വ്യാപിച്ചാണ് മുടക്കുഴ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി പിരിവ്

2022-23 ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പിരിവ് അഭിനന്ദനാർഹമാണ്. 98% വസ്തു നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

2)വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

സ.ഉ 25/2023/തസ്വഭവ/തീയതി.05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതുപ്രകാരം 03.05.2023 തീയതിയിലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

3)പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്യൂപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

സ.ഉ (എം.എസ്)നം.358/2015/തസ്വഭവ തി:16.12.15 പ്രകാരം 60 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഏക കുടുംബ വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 60 ച.മീറ്ററിൽ താഴെ Proposed Build Up Area ഉള്ള നിർമ്മാണത്തിന് NOC എടുത്ത വീടുകൾ നിർമ്മാണം പൂർത്തിയാകുമ്പോൾ 60 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണം വന്നുവെങ്കിലും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെടാൻ സാധ്യതയുണ്ട്. ആയത് പരിശോധിക്കപ്പെടേണ്ടതാണ്.

4)സേവന ഉപനികുതി ചുമത്തൽ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യത പഞ്ചായത്ത് ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്.

5)IFTE & OS ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 31-10-2017 ലെ ജി.ഒ.(പി.) 80/2017/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പ്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിച്ച്, സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പരമാവധി തുക പഞ്ചായത്ത് പിരിക്കുന്നുണ്ട്.

6)വാടക

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2022-23 ലെ ബാലൻസ് ഷീറ്റ് പ്രകാരം ₹1155/- രൂപ കുടിശ്ശികയുണ്ട്. വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്താവുന്നതാണ്.

7)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി

എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല.

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് അത്തരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകളിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-12 ൽ ചേർത്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധന പരമാവധി പ്രയോജനപ്പെടുത്തി എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (1/13.09.2023)മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1)തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല. പ്രസ്തുത ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. കുറവ് വന്ന തൊഴിൽ നികുതി ഈടാക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി നൽകി. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം(₹) | ഈടാക്കിയ നികുതി(₹) | ഈടാക്കേണ്ടത്(₹) | കുറവ്(₹) |
|---|---|---|---|---|---|---|---|
| 1 | Steelco Enterprises | ദിപൻകർ ബോറ | I | 90000 | 600 | 750 | 150 |
| | | രാജു ഗുപ്ത | I | 90000 | 600 | 750 | 150 |
| 2 | Chloroplast | ബിജു ജെയിംസ് പി | I | 87633 | 600 | 750 | 150 |
| | | | | ആകെ | | | 450 |

3)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നെടിയറ കോൺക്രീറ്റ് പ്രൊഡക്റ്റ്സ് | 12/22-23 | 8 |
| 2 | റീജെൻസി പ്രെസ്സ് ടൂൾസ് | 26/22-23 | 6 |
| 3 | ഗോബൽ പാക്ക് ഇൻഡസ്ട്രീസ് | 29/22-23 | 4 |
| 4 | ലാലാ അഗ്രോട്രോപ്പിക് പ്രൈ.ലി | 45/22-23 | 17 |
| 5 | സീടെക് ട്രാൻസ് എക്യുപ്മെന്റ്സ് | 46/22-23 | 6 |
| 6 | പനമ്പിള്ളി ഫുഡ്സ് & ബിവറേജസ് | 48/22-23 | 9 |
| 7 | ഗോൾഡൻ ഡ്യൂ ബലൂൺസ് | 60/22-23 | 6 |
| 8 | Woodesigns | 63/22-23 | 5 |
| 9 | സുശ്രുത ഫാർമസ്യൂട്ടിക്കൽസ് | 83/22-23 | 6 |
| 10 | കൊച്ചിൻ ഫൈബർ ഗ്ലാസ് പ്രൊഡക്റ്റ്സ് | 85/22-23 | 10 |
| 11 | പിവിപി & സൺസ് ടിമ്പേഴ്സ് & ഹാൻഡിക്രാഫ്റ്റ്സ് | 92/22-23 | 5 |
| 12 | ജിയാമി ട്രേഡിംഗ് കമ്പനി | 93/22-23 | 4 |
| 13 | റോയൽ സോളിഡ് ബ്രിക്സ് & ടൈൽസ് | 115/22-23 | 5 |
| 14 | നവ്യ ഹോളോ ബ്രിക്സ് | 161/22-23 | 4 |
| 15 | മാസ് ഇലക്ട്രിക്കൽസ് | 164/22-23 | 4 |
| 16 | ദേവിക കോക്കനട്ട് ഓയിൽ മിൽസ് | 106/22-23 | 5 |
| 17 | വെൽ ടെക് പോളിമെർ | 112/22-23 | 6 |
| 18 | എൽ & വി പോളിമേഴ്സ് | 114/22-23 | 4 |
| 19 | സെന്റ് മേരീസ് ഇൻഡസ്ട്രീസ് | 127/22-23 | 6 |
| 20 | സ്റ്റീൽടെക് ഇൻഡസ്ട്രീസ് | 135/22-23 | 6 |
| 21 | ശ്രീനാരായണ മെറ്റൽസ് & ഗ്രാനൈറ്റ്സ് | 138/22-23 | 9 |
| 22 | എല്യാസ് ഫാബ്രിക്കേഷൻസ് | 146/22-23 | 16 |
| 23 | എക്സെൽ റോക്ക് പ്രൊഡക്റ്റ്സ് | 184/22-23 | 5 |
| 24 | സൂപ്പർ സിമന്റ് പ്രൊഡക്റ്റ്സ് | 188/22-23 | 10 |
| 25 | പെരിയാർ പ്രൊഡക്റ്റ്സ് | 69/22-23 | 12 |
| 26 | പയ്യപ്പള്ളി നാച്ചുറൽ എക്സ്ട്രാക്റ്റ്സ് | 70/22-23 | 8 |
| 27 | ഹിമ ഓയിൽ | 71/22-23 | 5 |
| 28 | അകായ് നാച്ചുറൽ ഇൻഗ്രേഡിയന്റ്സ് പ്രൈ.ലി | 202/22-23 | 15 |

4)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പ്രീമിയർ എന്റർപ്രൈസസ്, ചുണ്ടക്കുഴി | II |
| 2 | Steelco Enterprises | II |
| 3 | JAS പോളിമേഴ്സ് | I |
| 4 | പി & സി പ്രൊഡക്ട്സ് | I |
| 5 | മുടക്കുഴ ഈസ്റ്റ് KUCS | I |

5)2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഒടുക്കിയ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | Kochery Granits |
| 2 | Geeyem Agromills, ഇളംമ്പകപ്പിള്ളി |

| | |
|---|---|
| 3 | ഹിമ ഓയിൽ മൂടക്കുഴ |
| 4 | Sabarigiri Blue Metals Pvt Ltd |
| 5 | Zion Enterprises |

ക്രമ നം. 3,4,5 -ലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)വാർഷിക ധനകാര്യ പത്രിക (I&E)പ്രകാരം ₹35,600/- (Profession Tax Of Institutions) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ₹24,350/- അടവാക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഹാജരാക്കിയത്. ബാക്കി ₹11,250/- ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഈടാക്കിയതെന്ന് അറിയിക്കേണ്ടതാണ്.

7)ഫെഡറൽ ബാങ്ക്, തുരുത്തി -യിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവൽകരിച്ചിട്ടില്ല

2022-23 വർഷത്തെ താഴെ ചേർക്കുന്ന പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ Proposed പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ (Existing Building) സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ Proposed പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണവും സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫയൽ നം/വിശദാംശങ്ങൾ | Proposed പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ/ ഉപയോഗക്രമം | Proposed പ്ലാൻപ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (പ്ലാൻ പ്രകാരം) | സഞ്ചയ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം | വ്യത്യാസം |
|---|---|---|---|---|
| ഫയൽ നമ്പർ - A3-2615/22 തീയതി: 11.08.2022<br>കെട്ടിട ഉടമ –ജോർജ്ജ് പി.റ്റി, പാർവ്വേലിക്കുടി വീട്, മൂടക്കുഴ<br>പുതിയ കെട്ടിട പെർമിറ്റ് നം – A3-BA(307199)/2022 തീയതി : 28.09.2022<br>ഉപയോഗക്രമം - പാർപ്പിടം & വാണിജ്യം<br>റീ സർവ്വേ നം : 200/7, 200/2-1 | 12/291 പാർപ്പിടം | 205.98ച.മീ (GF-131.46 ച.മീ , FF-74.52 ച.മീ) | 110ച.മീ (GF-80 ച.മീ , FF-30 ച.മീ) | 95.98ച.മീ |

മേൽ കെട്ടിടത്തിന്റെ അധിക നിർമ്മാണം, നാളിതുവരെ ക്രമവൽക്കരിച്ച് വസ്തുനികുതി കണക്കാക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/15.09.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവൽകരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള ഫോറം നം 6 ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 നമ്പറിംഗ് ഫയലുകളിൽ ഒറ്റതവണ നികുതി റിട്ടേണുകൾ വാങ്ങി സൂക്ഷിക്കുന്നില്ല

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ

കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രാകരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 2/317 | ദേവിക ശങ്കർ, നെടിയാറ, മുടക്കുഴ പി.ഒ, അകനാട് | വ്യവസായം |
| 2 | 3/178 A, 178 B | സിജോ എ.പി, അപ്പാടൻ വീട്, വല്ലം & റോണി സെബാസ്റ്റിൻ തെക്കിനേടത്ത് , ഒക്കൽ | വ്യവസായം |
| 3 | 11/409 A, B,C,D,E,F,G,H,J | വർഗ്ഗീസ് പി.കെ & ബിനി ഷിബു, പൊട്ടക്കൽ വീട്, മുടക്കുഴ | വാണിജ്യം |
| 4 | 11/64 B | മഞ്ജു വി.പി, പാറപ്പുറം വീട്, കുവപ്പടി | വ്യവസായം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/16.09.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ഉത്തരവു പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചു വരുന്നുണ്ടെന്നും ഓഡിറ്റിൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതി അടച്ച രസീത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 IFTE & OS ലൈസൻസ് - അപാകതകൾ

1)2022-23 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 3/83, 3/84, 3/85 എന്നീ നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ശബരിഗിരി ബ്ലൂ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലൈസൻസ് (21/2022-23)നൽകിയിട്ടുണ്ട്. മേൽ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ നമ്പർ സഞ്ചയ സോഫ്റ്റ് വെയറുമായി ഒത്തുനോക്കിയപ്പോൾ 3/84 -ാം നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടാവശ്യങ്ങൾക്ക് വേണ്ടി നികുതി നിർണ്ണയിച്ചു നൽകിയ കെട്ടിടത്തിന് ഡി & ഒ ലൈസൻസ് അനുവദിച്ചതിനു വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3/14.09.2023) 3/83, 3/84, 3/85 എന്നിവ യഥാക്രമം വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം, പാർപ്പിടം, വ്യവസായ കെട്ടിടം എന്നിങ്ങനെയാണെന്നും ശബരിഗിരി ബ്ലൂ മെറ്റൽസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കോമ്പൗണ്ടിലായതിനാലാണ് ഈ മൂന്നു കെട്ടിടങ്ങളെയും ഉൾപ്പെടുത്തി ലൈസൻസ് അനുവദിച്ചതെന്നും 3/84 കെട്ടിടത്തെ ഒഴിവാക്കി അപാകത പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

2)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 7 കള്ള് ഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. പ്രസ്തുത ഷാപ്പുകൾക്ക് അടിയന്തിരമായി ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശിച്ച് കത്ത് അയച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി (ഓഡിറ്റ് അന്വേഷണം നം.3/14.09.2023). തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ IFTE & OS(Issue Of License To Industries, Factories, Trade, Entrepreneurship Activities, And Other Services) ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.3/14.09.2023) പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത റേഷൻകടകൾക്ക് ലൈസൻസ് എടുക്കുന്നതിനും, തൊഴിൽനികുതി അടവാക്കുന്നതിനും നിർദ്ദേശിച്ച് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടി നൽകി. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി- റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതിയിൽ താഴെ പറയുന്ന ഇളവ്/വർദ്ധനവ് നൽകാവുന്നതാണ്.

| ക്രമ നം | വഴി സൗകര്യത്തിന്റെ തരംതിരിവ് | അടിസ്ഥാന വസ്തുനികുതിയിൽ വരുത്തുന്ന | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധനവ് (ശതമാനം) |
| 1 | അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശന മാർഗ്ഗം | ഇല്ല | 20 |
| 2 | അഞ്ച് മീറ്ററിൽ കുറവ് ഒന്നര മീറ്ററിൽ കൂടുതലും | ഇല്ല | ഇല്ല |
| 3 | ഒന്നര മീറ്ററോ അതിൽ കുറവും | 10 | ഇല്ല |
| 4 | പൊതുവഴി സൗകര്യം ഇല്ലാത്തത് | 20 | ഇല്ല |

1)ശ്രീ.നാരായണൻ നായർ, പൊക്കാപ്പിള്ളി വീട്, അശമന്നൂർ പി.ഒ എന്നയാളുടെ 03.06.2019 തീയതിയിലെ പെർമിറ്റ് നമ്പർ BA-250005/2019 പ്രകാരം 3-ാം വാർഡിൽ ബ്ലോക്ക് നം.10, റീ സർവ്വേ നം.595/6-2, 595/6-3-2, 595/6-4 -ൽ പെട്ട സ്ഥലത്ത് നിർമ്മാണം പൂർത്തിയായ 975.80 ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള H (Storage) ഗണത്തിൽ പെടുന്ന 3/21 B നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 6.19 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടില്ല (ഇതേ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടത്തിന് (3/21 A) വസ്തുനികുതി നിർണ്ണയിച്ചപ്പോൾ റോഡിന്റെ വീതിക്ക് അനുസൃതമായ വർദ്ധനവ് (20%)നൽകിയിട്ടുണ്ട്). വിശദാംശം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം : 02/14.09.2023)

| | നിർണ്ണയിച്ചിട്ടുള്ളത് @ 60/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @60/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 975.80 * 60 = 58548 | 975.80 * 60 = 58548 | 61476-49181=12295 |
| ഇളവ് (മേഖല-ദ്വിതീയം) 10% | 58548*10%= 5854.8 | 58548*10%= 11709.6= 5854.8 | |
| ഇളവ്(മേൽക്കൂര-ഷീറ്റ്) 10% | 58548*10%= 5854.8 | 58548*10%= 11709.6=5854.8 | |
| വർദ്ധനവ് (വഴി സൗകര്യം) 20% | ഇല്ല | 58548*20%= 11709.6 | |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 58548-5854.8-5854.8 =46839 | 58548-5854.8-5854.8+11709.6 =58548 | |

| | | |
|---|---|---|
| ലൈബ്രറി സെസ്സ് | 46839*5% = 2342 | 58548*5% =2928 |
| ആകെ നികുതി (2022-23 വരെ) | 46839+2342= 49181 | 58548*+2928=61476 |

2)നാരായണൻ നായർ, പൊക്കാപ്പിള്ളി വീട്, അശമന്നൂർ പി.ഒ എന്നയാളുടെ 26.06.2019 തീയതിയിലെ പെർമിറ്റ് നമ്പർ A3-BA(298036)/2019 പ്രകാരം നിർമ്മാണം പൂർത്തിയായ 994.88 ച.മീ നിർമ്മിതി വിസ്തീർണ്ണമുള്ള H (Storage) ഗണത്തിൽ പെടുന്ന 3/21 C നമ്പർ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ 6.19 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടില്ല (ഇതേ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടത്തിന്റെ (3/21 A) വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ വീതിക്ക് അനുസൃതമായ വർദ്ധനവ് (20%)നൽകിയിട്ടുണ്ട്). വിശദാംശം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം : 04/14.09.2023)

| | നിർണ്ണയിച്ചിട്ടുള്ളത് @ 60/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @60/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 994.88 * 60 = 59692.8 | 994.88 * 60 = 59692.8 | |
| ഇളവ്(മേഖല-ദ്വിതീയം) 10% | 59692.8*10%= 5969.28 | 59692.8*10%= 5969.28 | |
| ഇളവ്(മേൽക്കൂര-ഷീറ്റ്) 10% | 59692.8*10%= 5969.28 | 59692.8*10%= 5969.28 | |
| വർദ്ധനവ്(വഴി സൗകര്യം)20% | ഇല്ല | 59692.8*20%= 11938.56 | 62678-50143 = 12535 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 59692.8-5969.28-5969.28 = 47755 | 59692.8-5969.28-5969.28 +11938.56 = 59693 | |
| ലൈബ്രറി സെസ്സ് | 47755*5% = 2388 | 59693*5% =2985 | |
| ആകെ നികുതി (2022-23 വരെ) | 47755+2388= 50143 | 59693+2985=62678 | |

3/21 B, 3/21 C എന്നീ നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല.

### 1-17 ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം ₹28000/- ഓണം അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ നിലനിൽക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ പഞ്ചായത്തിലെ ജീവനക്കാർക്ക് 2022-23 വർഷം ഈയിനത്തിൽ നൽകിയ മുൻകൂർ തുകയിൽ ശ്രീ.ടി കെ സാജു, ശ്രീമതി.അജിത കെ എ എന്നീ ജീവനക്കാരിൽ നിന്നും 8000/- രൂപ വീതം ആകെ ₹16000/- തിരികെ ലഭിക്കാനുണ്ട്. മറ്റ് പഞ്ചായത്തുകളിൽ നിന്ന് സ്ഥലം മാറ്റം ലഭിച്ച് വന്ന ജീവനക്കാരിൽ നിന്നും ഈടാക്കിയ ₹24000/- ട്രാൻസ്ഫർ ചെയ്ത് ക്രമീകരിക്കുവാനും അവശേഷിക്കുന്നു. ഇത് കൂടാതെ ഈ ഹെഡ്ഡിൽ ₹12000/- മുന്നിരിപ്പ് ഉള്ളതായി കാണുന്നു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16.09.2023 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിയിൽ മുൻകൂർ ക്രമീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഓണം അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാനവശേഷിക്കുന്ന തുകകളിന്മേൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

2022-23 സാമ്പത്തിക വർഷം വിവിധ കേസുകളിലായി അഡ്വ.ആർ രഞ്ജിത്തിന് വക്കീൽ ഫീസിനത്തിൽ ₹72000/- നൽകിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമം വകുപ്പ് 194 J പ്രകാരം ₹30000/- രൂപയിൽ അധികം വക്കീൽ ഫീസിനത്തിൽ നൽകിയിട്ടുള്ളതിൽ നിന്ന് കുറവ് ചെയ്യേണ്ട 10% ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. ആദായനികുതിയിനത്തിൽ കുറവ് ചെയ്യേണ്ട നികുതി തുക ₹7200/- അഡ്വ.രഞ്ജിത്തിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 42200616 | 12-12-2022 | 15000 |
| 2 | 42200617 | | 12000 |
| 3 | 42200618 | | 15000 |
| 4 | 42200973 | 29-03-2023 | 15000 |
| 5 | 42200974 | 29-03-2023 | 15000 |
| ആകെ | | | 72000 |

മേൽ വിഷയം സംബന്ധിച്ച് 18.09.2023 ൽ നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-19 ബഡ്സ് സ്കൂൾ വാഹന വാടക-ആദായ നികുതി കുറവ് ചെയ്തില്ല

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ബഡ്സ് സ്കൂൾ വാഹന വാടക, 23/23 |
| അടങ്കൽ തുക | ₹8,67,377/-(₹2,30,577/-വികസന ഫണ്ട്-ജനറൽ, ₹6,36,800/- തനത് ഫണ്ട്) |
| ചെലവ് തുക | ₹7,66,400/-(₹1,98,450/-വികസന ഫണ്ട്-ജനറൽ, ₹5,67,950/- തനത് ഫണ്ട്) |
| ബിൽ നമ്പർ/ തീയതി, തുക | 156/24.11.2022, ₹56,700/-<br>157/24.11.2022, ₹66,150/-<br>166/05.12.2022, ₹75,600/-<br>81/19.08.2022, ₹3,09,650/-<br>102/13.09.2022, ₹63,000/-<br>227/31.01.2023, ₹69,300/-<br>241/14.02.2023, ₹66,150/-<br>290/15.03.2023, ₹59,850/- |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പഞ്ചായത്തിലെ ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുവരുന്നതിനും തിരികെ എത്തിക്കുന്നതിനും വാഹനം വാടകയ്ക്ക് എടുത്ത് തുക നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറവ് തുക രേഖപ്പെടുത്തിയ ശ്രീ പോൾ പി ചാക്കോ, പടിക്കക്കുടി എന്ന വ്യക്തിക്കാണ് വാഹന വാടക നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം ആകെ ₹7,66,400/- ടിയാൾക്ക് അനുവദിച്ച് നൽകിയെങ്കിലും 1961 ലെ ആദായനികുതി നിയമം 194 സി പ്രകാരം 1% ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതായിരുന്നു. ₹7,66,400/-യുടെ 1% ആയ ₹7,664/- ആദായനികുതിയിനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 16.09.2023 ൽ 15ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആദായനികുതി ഈടാക്കിയിരുന്നില്ലെന്നും നിലവിൽ നൽകുന്ന ബില്ലുകളിൽ നിന്ന് ഈ തുക കൂടി കുറവ് ചെയ്ത് വരുന്നുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ആദായനികുതി മുഴുവൻ കുറവ് ചെയ്ത് രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-20 എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ-വിതരണം നടത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | എസ്.സി.കുടുംബങ്ങൾക്ക് സൗര റാന്തൽ, 149/23 |
| അടങ്കൽ | ₹2,64,000/-(₹1,95,700/-എസ്.സി.പി, ₹2,300/- തനതുഫണ്ട്, ₹66,000/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹69,800/-(₹52,200/-എസ്.സി.പി, ₹17,600/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം/ ചെക്ക് നം.,തുക | 1)375/28.03.2023 , ₹52,200.00<br>2)128474/31.03.2023, ₹17,600.00 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിയിൽ 20 കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരറാന്തൽ വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. ₹3,490/- നിരക്കിൽ ANERT-ൽ നിന്നാണ് ഉത്പന്നം വാങ്ങിയിട്ടുള്ളത്. ₹2,610/- പ്ലാൻ ഫണ്ട്, ₹880/- ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് ഒരു യൂണിറ്റിന് തുക ചെലവ് ചെയ്തിട്ടുള്ളത്. ₹69,800/- ചെലവായിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് സൗരറാന്തൽ വിതരണം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 15.09.2023 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് റാന്തൽ വിതരണം ഉടൻ പൂർത്തിയാക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണം പൂർത്തിയാക്കി രേഖകൾ ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ ₹69,800/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പകർച്ച വ്യാധി നിയന്ത്രണം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ എന്നീ രണ്ട് പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ (SO131/23) |
| അടങ്കൽ തുക | ₹4,01,000/-(₹4,00,000/- ധനകാര്യ കമ്മീഷൻ അവാർഡ്, ₹1,000/- തനത് ഫണ്ട്) |
| ചെലവ് തുക | ₹3,95,888/-(₹3,94,888/- ധനകാര്യ കമ്മീഷൻ അവാർഡ്, ₹1,000/- തനത് ഫണ്ട്) |
| ബിൽ നമ്പർ/ തീയതി, തുക | 52/16.06.2022, ₹700/-<br>77/02.08.2022, ₹1,85,930/-<br>92/26.08.2022, ₹24,094/-<br>99/12.09.2022, ₹9,150/-<br>162/01.12.2022, ₹84,601/-<br>206/10.01.2023, ₹81,786/-<br>294/16.03.2023, ₹8,627/-<br>295/16.03.2023, ₹1,000/- |

ഈ പദ്ധതിയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ₹3,95,888/- ചെലവ് വന്നിട്ടുണ്ട്. പദ്ധതിയിൽ കോവിഡ് വാക്സിൻ എത്തിക്കുന്നതിനായി വിവിധ തീയതികളിൽ വാഹനവാടക നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ്ഷീറ്റിൽ ഇരട്ടിയിലധികം ദൂരം രേഖപ്പെടുത്തി തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. 13 ദിവസങ്ങളിൽ വാക്സിൻ കൊണ്ടുവന്നിട്ടുള്ളത് വേങ്ങൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിന്നാണ്. മുടക്കുഴ കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്ന് വേങ്ങൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിലേക്ക് എത്ര കിലോമീറ്റർ ദൂരം ഉണ്ടെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 7 തീയതി 15.07.2023) നൽകിയതിന് 5.5കി.മീ. എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 26 കിലോ മീറ്റർ ദൂരം ട്രിപ്പ്ഷീറ്റിൽ രേഖപ്പെടുത്തി ₹500/- വീതം 13 ദിവസങ്ങളിലേക്ക് ₹6,500/- വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്ന് മരുന്ന് എത്തിച്ചതിന് വാഹന വാടക നൽകിയിട്ടുണ്ട്. അശമന്നൂർ, രായമംഗലം എന്നിവിടങ്ങളിൽ നിന്ന് മരുന്ന് എത്തിച്ചതിനും ഇപ്രകാരം ഇരട്ടിയിലധികം ദൂരം രേഖപ്പെടുത്തി തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

2.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പകർച്ച വ്യാധി നിയന്ത്രണം, (60/23) |
| അടങ്കൽ തുക | ₹1,50,000/-(തനത് ഫണ്ട്) |
| ചെലവ് തുക | ₹1,49,271/- |
| ബിൽ നമ്പർ/ തീയതി, തുക | 100/12.09.2022, ₹52,616/-<br>124/19.10.2022, ₹15,750/-<br>133/26.10.2022, ₹11,200/-<br>179/14.12.2022, ₹4,500/-<br>180/14.12.2022, ₹6,500/-<br>210/10.01.2023, ₹7,500/-<br>250/25.02.2023, ₹19,845/-<br>257/01.03.2023, ₹6,000/-<br>258/01.03.2023, ₹4,550/-<br>325/20.03.2023, ₹20,810/- |

എ) പദ്ധതിയിൽ വാഹന വാടകയിനത്തിൽ ₹53,050/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയോ, നിരക്ക് നിർണ്ണയിച്ച് കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. ട്രിപ്പ്ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ചില ദിവസങ്ങളിൽ നടത്തിയ യാത്രയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | യാത്ര ചെയ്ത ദൂരം(കി. മി) | നൽകിയ തുക(₹) | യാത്രയുടെ ഉദ്ദേശ്യം |
|---|---|---|---|
| 17.05.2022 | 135 | 2,250/- | ഭക്ഷണ പാനീയങ്ങൾ വിൽക്കുന്ന കടയിൽ പരിശോധന |
| 19.07.2022 | 155 | 2,500/- | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധന |
| 09.06.2022 | 148 | 2,500/- | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധന |
| 15.06.2022 | 133 | 2,250/- | ഭക്ഷണ പാനീയങ്ങൾ വിൽക്കുന്ന കടയിൽ പരിശോധന |
| 19.04.2022 | 120 | 2,000/- | ഭക്ഷണ പാനീയങ്ങൾ വിൽക്കുന്ന കടയിൽ പരിശോധന |
| 14.04.2022 | 121 | 2,000/- | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധന |
| 21.05.2022 | 127 | 2,150/- | അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ പരിശോധന |

21.97 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിൽ ഓരോ ദിവസവും നൂറ് കിലോമീറ്ററിലധികം യാത്ര നടത്തിയതിനാണ് തുക അനുവദിച്ചിട്ടുള്ളത്. ഓരോ ദിവസവും പരിശോധന നടത്തിയ താമസ സ്ഥലങ്ങൾ/തൊഴിലിടങ്ങൾ, ഭക്ഷണ പാനീയങ്ങൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയുടെ വ്യക്തമായ വിവരവും പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുവാൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിൽ (നമ്പർ 6 തീയതി. 15.09.2023) ആവശ്യപ്പെട്ടിരുന്നു. എന്നാൽ നടത്തുന്ന പരിശോധനകൾ എന്തൊക്കെയെന്ന് മാത്രമാണ് മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. പരിശോധനയുടെ ഏതാനും ചിത്രങ്ങളും മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ തീയതിയിലും സന്ദർശിച്ച സ്ഥലങ്ങൾ, സ്ഥാപനങ്ങൾ ഏതൊക്കെയെന്നോ പരിശോധനാ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ടിപ്ഷീറ്റ് പ്രകാരം നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കാനുള്ള രേഖകളൊന്നും ഫയലിലില്ല.

ബി) പ്രിന്റിംഗ് ചാർജിനത്തിൽ ₹69,671/- പോൾ ഗ്രാഫിക്സ്, അകനാട് റോഡ്, കുറുപ്പംപടി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളുടെ അച്ചടി പ്രവൃത്തികൾക്കായി ക്വട്ടേഷൻ മുഖേന കരാർ നൽകിയിട്ടുള്ളത് ഷിയോണ പ്രിന്റേഴ്സ്, കുറുപ്പംപടി എന്ന സ്ഥാപനത്തിന് ആണെന്നിരിക്കെ വേറെ സ്ഥാപനത്തെ അച്ചടി ജോലികൾ ഏല്പിച്ച് തുക ചെലവഴിച്ചതിന് നൽകിയ വിശദീകരണം പഞ്ചായത്ത് മറ്റൊരു സ്ഥാപനത്തെ അച്ചടി ജോലികൾ ഏല്പിച്ച വിവരം അറിയിച്ചിട്ടില്ല എന്നാണ്. പോൾ ഗ്രാഫിക്സ് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചിട്ടുള്ളത് ടെൻഡർ നടപടി സ്വീകരിക്കാതെയാണ്.

പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല. പൊതുപ്പണം ചെലവഴിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതായോ ചെലവുകൾ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മേൽനോട്ടത്തിനും സവിശേഷ ശ്രദ്ധയ്ക്കായും ശുപാർശ ചെയ്യുന്നു.

## 1-22 പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ-മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്

മുടക്കുഴ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് രണ്ട് പദ്ധതികളിലായി താഴെപ്പറയും പ്രകാരം മരുന്ന് വാങ്ങിയിട്ടുണ്ട്.

1.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ, (60/23) |
| അടങ്കൽ തുക | ₹8,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് തുക | ₹8,00,000/- |
| ബിൽ നമ്പർ/ തീയതി, തുക | 54/16.06.2022, ₹14,975/-<br>63/30.06.2022, ₹1,33,575/-<br>69/08.07.2022, ₹2,385/-<br>106/22.09.2022, ₹5,159/-<br>123/12.10.2022, ₹1,11,678/-<br>132/26.10.2022, ₹1,02,983/-<br>163/01.12.2022, ₹1,41,852/- |

| | |
|---|---|
| | 194/28.12.2022, ₹2,271/-<br>208/10.01.2023, ₹69,898/-<br>237/13.02.2023, ₹96,911/-<br>256/01.03.2023, ₹26,217/-<br>271/10.03.2023, ₹12,420/-<br>270/10.03.2023, ₹17,117/-<br>281/14.03.2023, ₹5,000/-<br>316/17.03.2023, ₹33,812/-<br>408/31.03.2023, ₹23,747/- |

2.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | പി എച്ച് സി-യിലേക്ക് മരുന്ന് വാങ്ങൽ, SO(129/23) |
| അടങ്കൽ തുക | ₹14,078/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് തുക | ₹14,078/- |
| ബിൽ നമ്പർ/ തീയതി, തുക | 53/16.06.2022, ₹10,127/-<br>207/10.01.2023, ₹3,951/- |

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/2022 തസ്വഭവ തീയതി 28.05.2022 നമ്പർ ഉത്തരവിലെ ഖണ്ഡിക നമ്പർ 7.6.4(1)(i) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL-ൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ മാത്രമാണ് അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടത്. എന്നാൽ മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതികളിൽ മുഴുവൻ മരുന്നുകളും വാങ്ങിയിട്ടുള്ളത് സപ്ലൈകോ, കെ എസ് ഡി പി, ജൻഔഷധി എന്നീ സ്ഥാപനങ്ങളിൽ നിന്നാണ്. കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ എന്നിവിടങ്ങളിൽ നിന്ന് മരുന്ന് ലഭ്യമാക്കാൻ ശ്രമിച്ചിട്ടുള്ളതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. മരുന്ന് വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 15.09.2023-ൽ 8ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മുൻവർഷങ്ങളിൽ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കാരുണ്യ എന്നിവിടങ്ങളിൽ നിന്ന് മരുന്ന് ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാൽ ആശുപത്രിയിൽ മരുന്ന് ഇല്ലാത്ത സാഹചര്യം നേരിട്ടിരുന്നുവെന്നും അതിനാലാണ് മരുന്നുകൾ ഈ വിധം വാങ്ങിയതെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ട് ചെലവഴിക്കുമ്പോൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

1-23 ആട് വിതരണം പദ്ധതി-ഇൻഷ്വറൻസ് രേഖയിൽ അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതിയുടെ പേര്, നമ്പർ | പെണ്ണാട് വിതരണം-എസ് സി വനിത S230/23 |
| അടങ്കൽ തുക | ₹4,20,000/-(₹315,000/- എസ് സി പി, ₹1,05,000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | ₹1,26,000/-(എസ് സി പി) |
| ബിൽ നമ്പർ/ തീയതി, തുക | 389/29.03.2023, ₹26,250/-<br>364/28.03.2023, ₹99,750/- |

വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പദ്ധതിയിൽ എസ് സി വിഭാഗത്തിൽപ്പെട്ട 24 വനിതകൾക്ക് പെണ്ണാടുകളെ വാങ്ങിയതിന് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. ₹7,000/- യൂണിറ്റ് കോസ്റ്റിന്റെ 75% ആയ ₹5,250/- വീതമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. ആടുകളെ ഇൻഷ്വർ ചെയ്തിട്ടുള്ളത് 'ദ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്''-ന്റെ 441900/47/2024/14 നമ്പർ പോളിസി മുഖേനയാണ്. പോളിസിയുടെ കാലാവധി 04.04.2023 മുതൽ 03.04.2024 വരെയാണ്. അനിതാ മോഹനൻ, ഇല്ലിക്കക്കുടി, ഇളംബകപ്പിള്ളി എന്ന ഗുണഭോക്താവിന്റെ ആടിന്റെ ഇയർടാഗ് നമ്പർ ഇൻഷ്വറൻസ് പോളിസി രേഖയിൽ 100786/629308 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി ഫയലിൽ ചേർത്തിട്ടുള്ള ഫോട്ടോയിൽ 100786/629305 എന്നാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.09.2023 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് കാലാവധി നിലവിലും തുടരുന്നതിനാൽ നഷ്ടപരിഹാരം ആവശ്യപ്പെടേണ്ട സാഹചര്യം വന്നാൽ ഇയർടാഗ് നമ്പറിലെ വ്യത്യാസം മൂലം തുക

ലഭിക്കാൻ തടസ്സം വരാൻ സാദ്ധ്യതയുണ്ട്. ഗുണഭോക്താവിന്റെ ആനുകൂല്യത്തിന് സംരക്ഷണം ഉറപ്പുവരുത്താൻ എത്രയും വേഗം അപാകത പരിഹരിക്കേണ്ടതും ഓഡിറ്റിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-24 തെരുവിളക്ക് മെയിന്റനൻസ് - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

തെരുവ് വിളക്ക് മെയിന്റനൻസിനായി ഓഡിറ്റ് വർഷം താഴെപ്പറയുന്ന തുകകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റിന്റെ നം. | 26/23 |
| പ്രോജക്റ്റ് | തെരുവിളക്ക് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ/ചെലവ് | ₹1,39,000/-(തനത്ഫണ്ട്) |
| ചെക്ക് നം, തീയതി | 12493/21.10.2022, ₹64,000/-<br>126471/31.8.2022, ₹75,000/- |

തെരുവുവിളക്ക് മെയിന്റനൻസിനായി ഓഡിറ്റ് വർഷം മേൽ ചേർത്തിട്ടുള്ള പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരം തെരുവുവിളക്കുകൾക്കായി ആകെ നൽകേണ്ടതും നാളിതുവരെ നൽകിയ തുകയും വ്യക്തമല്ല. ഫയൽ ഓഡിറ്റിന് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹1,39,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 വൈദ്യുതി പോസ്റ്റ് നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന തുക കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ആയത് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ : ₹22,396/-

ചെലവ് : ₹22,396/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ/ബിൽ/ചെക്ക്നം, തീയതി | വിനിയോഗശേഷം ലഭിക്കാനുള്ള തുക(₹) |
|---|---|---|---|
| 1 | 27/23 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ/നം. JF 9438153/17.12.2022 | 22,396/- |

വിനിയോഗ രേഖകളുടെ അഭാവത്തിൽ ₹22,396/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 1-26 പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നം/ വർഷം | 67/23 |
| അടങ്കൽ തുക / ഫണ്ട് | ₹80,829/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്); ₹2,19,171/-(തനത് ഫണ്ട്) |
| ചെലവ് തുക | ₹79,828/-<br>(ധനകാര്യ കമ്മീഷൻ അവാർഡ്); ₹2,19,171/-(തനത് ഫണ്ട്)<br>നംആർ.ബി.ഐ3022213049963/തീയതി. 28.10.22 |
| ബിൽ/വൗച്ചർ നം, (തീയതി) | XVFC 2022-23/P/26(16.12.22); ChqNo.9438151(15.12.22) |

പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ലഭിച്ച ടെൻഡറുകളിൽ ശ്രീ. പി.വി ജോർജ്, പള്ളുപട്ട എന്നയാളുടെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയായിരുന്നു (11.03.2022 ലെ 1/(11) നം. കമ്മിറ്റി തീരുമാനം.) ഇപ്രകാരം ₹575/- നിരക്കിൽ 520 തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.

നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ലഭ്യമായ മൂന്ന് ടെൻഡറുകളിൽ കുറഞ്ഞ നിരക്കായ ₹520/- ക്വോട്ട് ചെയ്തത്. M/S 'പായിപ്ര കോൺട്രാക്റ്റേഴ്സ് ' ആയിരുന്നു. ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിരക്ക് ടെൻഡർ ഷെഡ്യൂളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം പോസ്റ്റിൽ ലൈറ്റുകൾ ഫിറ്റ് ചെയ്യുന്നതിനുള്ള ബെന്റ് പൈപ്പ് ടെൻഡറിൽ ഉൾപ്പെടുത്താത്തതിനാലാണ് ഈ സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കാത്തത് എന്ന് 31.12.2022-ലെ 10-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു. എന്നാൽ 'പായിപ്ര കോൺട്രാക്റ്റേഴ്സ്' ടെൻഡർ വ്യവസ്ഥ അംഗീകരിച്ച് ഒരു യൂണിറ്റിന് ₹520/-ക്ക് ലൈറ്റുകൾ സ്ഥാപിക്കാം എന്ന് രേഖാമൂലം അറിയിച്ചിട്ടും ആയവരിൽ നിന്നും ഇത് സംബന്ധിച്ച് യാതൊരു വിധ രേഖയോ വിശദീകരണമോ സ്പഷ്ടീകരണമോ ആവശ്യപ്പെടാതെ ഏകപക്ഷീയമായി ഓഫർ തള്ളിക്കളഞ്ഞത് ശരിയായ നടപടിയായി കാണുന്നില്ല.

2) പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം ഒരു തീരുമാനം കൈക്കൊള്ളുന്നതിന് മുമ്പ് പ്രൊക്യൂർമെന്റ്/പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശം സ്വീകരിക്കാതെയും പ്രൊക്വയർമെൻറ് കമ്മിറ്റി തീരുമാനമില്ലാതെയും നേരിട്ട് തീരുമാനം കൈക്കൊള്ളുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിക്രമമല്ല.

3)ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'പായിപ്ര കോൺട്രാക്റ്റേഴ്സ് 'നോട് നെഗോഷ്യേഷൻ നടത്താതെ അതിലും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത (₹675/-) പി. വി.ജോർജ്ജുമായി നെഗോഷ്യേഷൻ നടത്തി ₹575/-ക്ക് ഉറപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

4) ടെൻഡർ ക്ഷണിച്ചപ്പോൾ ലൈറ്റിന്റെ രൂപഘടനയും, സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പരസ്യത്തിൽ നൽകിയ പടത്തിലും വിവരണത്തിലും പിവിസി ബെന്റോടുകൂടിയ ലൈറ്റുകൾ എന്നും പരാമർശിച്ചിട്ടില്ല. ടെൻഡർ നോട്ടീസിലും 'പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ' എന്ന് മാത്രമേ പരാമർശിച്ചിട്ടുള്ളൂ .

5) പഞ്ചായത്ത് ടെണ്ടർ പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള സ്പെസിഫിക്കേഷനില്ലുള്ള പി.വി.സി ഫിറ്റിങ്ങോട് കൂടിയ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിന് ശ്രീ.പി.വി ജോർജ് തയ്യാറായതിനാലാണ് ടിയാന് പ്രവൃത്തി നൽകിയതെന്ന് 11.03.22-ലെ 1(11) നം. പഞ്ചായത്ത് തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം എടുക്കുന്നതിന് മുമ്പ് കുറഞ്ഞ നിരക്കിൽ പ്രവൃത്തിക്കായി തയ്യാറായ കരാറുകാരനിൽ നിന്നും യാതൊരുവിധ അന്വേഷണമോ, വിശദീകരണമോ തേടിയിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാണ് .

6) ഒരിക്കൽ ടെൻഡറിൽ ഉൾപ്പെടുത്തിയ വ്യവസ്ഥകളിൽ ടെൻഡർ സ്വീകരിച്ചതിനു ശേഷം കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വരുത്തുവാനോ, തീരുമാനമെടുക്കുവാനോ നിയമപ്രകാരം വ്യവസ്ഥയില്ല.

7) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ലൈറ്റിന്റെ ഇനം, മറ്റ വിശദാംശങ്ങൾ, ഗുണനിലവാരം ഇല്ലാത്തതിനാൽ ഒഴിവാക്കി എന്ന തീരുമാനം എന്നിവ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്വീകരിച്ചതെന്ന് ഫയലിൽ നിന്ന് വ്യക്തമല്ല .

8) കരാറുകാരൻ ഹാജരാക്കിയ ലൈറ്റുകൾ വാങ്ങിയതിന്റെ ബില്ലിൽ 453 ലൈറ്റുകൾ മാത്രമേ വാങ്ങിയതായി കാണുന്നുള്ളൂ. (520 ലൈറ്റുകൾ ഫിറ്റ് ചെയ്തെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്) അതിൽ തന്നെ കരാറിൽ പറയാത്ത 53 എണ്ണം 18 വാട്സ് ലൈറ്റുകളും ഫിറ്റ് ചെയ്തതായാണുള്ളത്. കരാറുകാരൻ ഫിറ്റ് ചെയ്ത ലൈറ്റുകൾ സാമ്പിൾ നൽകിയ ഗുണനിലവാര പ്രകാരം ഉള്ളതാണോയെന്ന് വ്യക്തമല്ല.

9) പുതിയതായി വാങ്ങി സ്ഥാപിച്ച ലൈറ്റുകൾ ഒന്നും തന്നെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ആകെ ഉള്ള 13 വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് വാർഷിക അറ്റകുറ്റപ്പണിക്ക് വേണ്ടി ടെൻഡർ ക്ഷണിക്കുമ്പോൾ പഞ്ചായത്തിൽ അറ്റകുറ്റപണികൾ നടത്തേണ്ട ലൈറ്റുകളുടെ എണ്ണം ടെൻഡറിൽ സൂചിപ്പിക്കാനോ ടെൻഡർ നിരക്ക് ക്വോട്ട് ചെയ്യാനോ സാധ്യമാകുന്നതുമല്ല.

10) എറ്റവും കുറഞ്ഞ ടെൻഡർ നിരക്കിനേക്കാൾ അധികമായി ക്വോട്ട് ചെയ്ത കരാറുകാരന്റെ നിരക്ക് സ്വീകരിച്ചതിനാൽ ഒരെണ്ണത്തിന് ₹55/- നിരക്കിൽ (55x520എണ്ണം) ₹28,600/- അധിക ബാധ്യതയും ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹28,600/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 24/23 |
| അടങ്കൽ | ₹3,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹3,00,000/- |

| | |
|---|---|
| ബിൽ നം. | 22120752001901385411/ 17.03.2023 |

സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84/22/തസ്വഭവ. തീ.19.01.2022] പ്രകാരം എസ്.എസ്.കെ,ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ.എസ്.എസ്.കെ ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതമാണ് മേൽ ബിൽ പ്രകാരം എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് വിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് സംബന്ധിച്ച വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 തുല്യത പഠനം - പദ്ധതി പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | 185/23 |
| പദ്ധതി | സാക്ഷരതാ പഠിതാക്കൾക്ക് കോഴ്സ് ഫീസ്. |
| അടങ്കൽ | ₹50,000/-(പ്ലാൻഫണ്ട്) |
| ചെലവ് | ₹22,400/- |
| ബിൽനം/ തീയതി (തുക) | 22120752001901385445/17.03.2023(₹7,000/-)<br>22120752001901537594/28.03.2023(₹15,400/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. |

മേൽ പദ്ധതി പ്രകാരം 10-ാം തരം, +1,+2 എന്നീ കോഴ്സകൾക്കായി യഥാക്രമം 4,5,1 പേർക്കായാണ് ₹22,400/- സാക്ഷരതാമിഷന് കൈമാറിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പഠിതാക്കൾ പഠനം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല .ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹22,400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരീക്ഷ എഴുതിയതിന്റെ രേഖകളും ധനവിനിയോഗ പത്രികയും ലഭ്യമാകുന്നമുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - പദ്ധതി പൂർത്തിയായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/23 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | ₹3,00,000/-(പ്ലാൻഫണ്ട്) |
| ചെലവ് | ₹2,74,852/- |
| ബിൽനം/തീയതി. | 22120752001901086780/24.01.2023. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. |

എസ്.സി വിദ്യാർത്ഥികൾക്കായി 55 മേശ, കസേര എന്നിവ 'ആർട്ട്കോ'യിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിരുന്നു. എന്നാൽ രേഖകൾ പ്രകാരം ആകെ 19 ഗുണഭോക്താക്കൾക്ക് മാത്രമേ ഫർണ്ണിച്ചർ വിതരണം ചെയ്തിട്ടുള്ളൂ. ശേഷിക്കുന്ന 36 ഫർണ്ണിച്ചറുകൾ ഓഡിറ്റ് വർഷം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. ശേഷിക്കുന്ന ഫർണ്ണിച്ചർ പഞ്ചായത്തിൽ തന്നെ ലൈബ്രറിയോട് ചേർന്ന മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫർണ്ണിച്ചർ വിതരണ രേഖയുടെ അഭാവത്തിൽ (4997x36) ₹1,79,892/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫർണ്ണിച്ചർ വിതരണം നടത്തിയ രേഖകൾ പരിശോധനക്ക് വിധേയമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന തുക കെ.ഡബ്ലിയു.എയുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
അടങ്കൽ : ₹7,40,000/-

ചെലവ് : ₹7,40,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ/ബിൽ/വൗച്ചർനം, തീയതി | വിനിയോഗവിവരം/ ലഭിക്കാനുള്ള തുക(₹) |
|---|---|---|---|
| 1 | 57/23 | ആലിൻചുവട് ജംങ്ഷൻ- പൈപ്പ് ലൈൻ നീട്ടൽ/XVFC /2022-23/P/5/ 28.05.2023 | ₹7,40,000/- |

വിനിയോഗവിവരം ലഭ്യമാകുന്നതുവരെ ₹7,40,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നമുറക്ക് ചെലവ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

1-31 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നം/ വർഷം | 18/23 |
| അടങ്കൽ തുക / ഫണ്ട് | ₹2,50,000/-, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക /യുടിആർ നം/തീയതി | ₹2,50,000/-, നം.ആർ.ബി.ഐ3022213049963/28.10.22 |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ ₹2,50,000/-യുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. 21.06.2023-ലെ എൽ.എഫ്.338 നമ്പർ ഇൻവോയിസ് പ്രകാരം ₹1,38,053/-യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി ₹1,11,947/-യുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹1,11,947/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നമുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-32 അളന്ന പാലിന് അനുസൃതമായല്ല തുക നൽകിയത്.

പ്രോജക്ടിന്റെ നം. 237/23
പ്രോജക്ട് : പാലളവിന് തുക നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ.
അടങ്കൽ: ₹15,50,000/-
ചെലവ് : ₹13,75,160/-

1) പാലളവിന് തുക നൽകൽ എന്ന പ്രോജക്ട് പ്രകാരം വിവിധ സൊസൈറ്റികളിൽ അളന്ന പാലും നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അളന്ന പാലിനനുസൃതമായ തുകയല്ല നൽകിയിട്ടുള്ളത്. ഉദാഹരണം താഴെ ചേർക്കുന്നു.

കോടനാട് സൊസൈറ്റി :
4 മാസത്തെ ആകെ പാലളവ് : 13127 ലി.
നൽകേണ്ട തുക(@3/-) ₹39,381/-
നൽകിയ തുക : ₹38,881/-

കൂവപ്പടി സൊസൈറ്റി :
4 മാസത്തെ ആകെ പാലളവ് : 17517ലി.
നൽകേണ്ട തുക (@3/-) ₹52,551/-
നൽകിയ തുക : ₹51,541/-

മുടക്കുഴ ഈസ്റ്റ് സൊസൈറ്റിയിൽ അളന്ന പാലിനേക്കാൾ അധികം തുക നല്കിയതായി കാണുന്നു. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 -ൽ ചേർത്തിട്ടുണ്ട്.

## 1-33 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ഐ.കെ.എം -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 11/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം/ തീയതി | 22120752079000710368/29.10.2022 |
| തുക | ₹54,651/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ₹54,651/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതാണ്.

## 1-34 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ്ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകുന്നുണ്ട്. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | 0 | ₹22,396/- | - | ₹22,396/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 22-23 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ (എസ് 0027/23) | JF 9438153/17.12.2022 | ₹22,396/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | ആകെ | ₹22,396/- | |

എ) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹1,70,000/- | ₹7,79,000/- | 0 | ₹9,49,000/- |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം .

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 2020-21 | 259/21, സട്രീറ്റ് വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിന് ഡെപ്പോസിറ്റ് | 11/11.11.2020 | ₹1,70,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 2022-23 | പൈപ്പ് ലൈൻ മാറ്റി വെക്കൽ (പ്രോജക്ട് ഇല്ല) | 22200719/ 05.07.2022 | ₹39,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 2022-23 | 57/23, പൈപ്പ് ലൈൻ മാറ്റി വെക്കൽ | 22200223/ 31.03.2023 | ₹7,40,000/- | ” |
| | | ആകെ | ₹9,49,000/- | |

നിക്ഷേപ പ്രവൃത്തികൾ കൃത്യമായി മോണിട്ടർ ചെയ്യേണ്ടതും യഥാസമയം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും വാർഷികകണക്കുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

1-35 ഡ്രൈൻ നിർമ്മാണത്തിനായി കുഴിച്ച് കിട്ടിയ മണ്ണ്-വിവരം എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, /പേര് | 178/23, തൃക്കേപ്പാറ തട്ടേക്കാട് ഫാം റീടാറിംഗും ഡ്രൈൻ നിർമ്മാണവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ അടങ്കൽ | ₹13,00,000/- |
| ആകെ ചെലവ് | ₹6,02,397/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| കരാറുകാരൻ | കെ.എൻ കൈലാസനാഥൻ |
| UTR No/തീയതി | RBI0262356896900/23.01.2023 |

മുടക്കുഴ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ തൃക്കേപ്പാറ തട്ടേക്കാട് ഫാം റീടാറിംഗും ഡ്രൈൻ നിർമ്മാണവും എന്ന പ്രവൃത്തിയിൽ ഇനം-1ആയി ചെയ്ത 11.1.4 Excavation For Structure>Hard Stone Earth Work Excavation 68.919 M3 ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് ₹867.60 ആണ്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ₹200/- ആണ്. കുഴിച്ചെടുത്ത കരിങ്കല്ലിന്റെ ഉപയോഗം എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-5 ന് ലഭ്യമാക്കിയ മറുപടിയിൽ ഡ്രൈൻ നിർമ്മാണത്തിനായി കുഴിച്ച് കിട്ടിയ മണ്ണ് ഡ്രൈനിന്റെ ഇരുവശങ്ങളിലും നിക്ഷേപിച്ചുവെന്നാണ്. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചുവെങ്കിൽ ആയത് M-bookൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരനിൽ നിന്നും മണ്ണിന്റെ വില ഈടാക്കേണ്ടതാണ്. വിശദമായ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-36 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ(ജനറൽ)-അപാകത

| | |
|---|---|
| പ്രോജക്ട് നം / പേര് | 77/23/ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ(ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹2,15,878/- |
| ചെലവ് | ₹2,13,200/- |
| തുക – ബിൽ നമ്പർ/തീയതി | ₹1,80,639/- (12/2022-23/27.03.2023)<br>₹32,561/- (RBI0762356917769/17.03.2023) |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വൃദ്ധ ജനങ്ങൾക്ക് കട്ടിൽ പദ്ധതിയിൽ 52 കട്ടിൽ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിരുന്നു. പണി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1)സിഡ്കോ എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ₹4,100/- നിരക്കിൽ മേൽ കട്ടിൽ വാങ്ങി നൽകിയത്. ടെൻഡർ നടപടി സ്വീകരിച്ചാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ പ്രോജക്റ്റിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. സ.ഉ(പി)നം.07/2019/SPD തീയതി. 26-04-2019 പ്രകാരം ₹25,000/-യ്ക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കട്ടിൽ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ GeM ൽ ലഭ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

2) 77/23 പ്രോജക്ട് കൂടാതെ സ്പിൽ ഓഫറായ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ടിന് ട്രഷറി ബിൽ നമ്പർ-4/2022-23 തീയതി 02.11.2022 പ്രകാരം ₹2,23,600/- മാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ (സ്പിൽ ഓഫർ) ഫയലും രേഖകളും ലഭ്യമാക്കിയത് പരിശോധിച്ചു. എന്നാൽ മേൽ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14 ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റീൽ കട്ടിൽ GeM ൽ തിരക്കിയെന്നും ആയത് ലഭിച്ചില്ലായെന്നും ₹2,23,600/- മാറിയത് സ്പിൽ ഓവർ പ്രോജക്ടിന്റെ ചെലവ് ആണ് എന്നുമാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ

പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-37 ജി.എസ്.ടി ഈടാക്കിയിട്ടില്ല

2022-23 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളിൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള ₹2,50,000/-യ്ക്ക് മുകളിലുള്ള പ്രവൃത്തിക്ക് ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി/<br>എം ബുക്ക് നം. | മെറ്റീരിയലിന്റെ ആകെ വില(₹) | ഈടാക്കേണ്ട GST (2%)(₹) | തുക അനുവദിച്ച വർഷം |
|---|---|---|---|
| ദീൻ ദയാൽ റോഡ് കോൺക്രീറ്റിംഗ്-വാർഡ് -11,എം ബുക്ക് നം.162/22-23<br>ആകെ ചെലവ്-₹3,92,466/- | 3,19673/- | 6,393 | 22-23 |
| അകനാട് ജി.എൽ.പി സ്കൂൾ ചുറ്റമതിൽ നിർമ്മാണം-വാർഡ്-11<br>എം ബുക്ക് നം.95/22-23<br>ആകെ ചെലവ്-₹4,82,783/- | 2,71,133/- | 5,422 | 22-23 |
| ആകെ | 5,90,806/- | 11,815 | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-5ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തികളുടെ ബില്ല് മാറി നൽകിയിട്ടില്ലായെന്നറിയിച്ചു. ഫണ്ട് അനുവദിക്കുന്ന സമയത്ത് നിയമാനുസൃത നികുതികൾ മെറ്റീരിയൽ നൽകിയവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 അളന്ന പാലിനേക്കാൾ അധികം നൽകിയ തുക നിരാകരിക്കുന്നു.

പ്രോജക്റ്റിന്റെ നം. 237/23
പ്രോജക്ട് : പാലളവിന് തുക നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ.
അടങ്കൽ: ₹15,50,000/-
ചെലവ് : ₹13,75,160/-
പാലളവിന് തുക നൽകൽ എന്ന പ്രോജക്റ്റിൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മുടക്കുഴ ഈസ്റ്റ് സൊസൈറ്റിയിൽ 4 മാസത്തെ ആകെ പാലളവ് : 84,133.60 ലിറ്ററാണ്. ആയതിന് നൽകേണ്ട തുക (@3/-) ₹2,52,400/-ആണ്. എന്നാൽ നൽകിയ തുക ₹2,56,450/- ആണ്. ഇത് സംബന്ധിച്ച് നൽകിയ വിശദമായ ഓഡിറ്റ് എൻക്വയറിക്ക് (നം.28/16.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹4,050/-യുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ ₹4,050/- നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ചെലവ് ഹെഡിൽ തിരിച്ചടവാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുന്നിരിപ്പ് | ലഭിച്ച തുക(₹) | പ്രൊജക്റ്റിന്റെ പേര് | ചെലവ്(₹) | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 3,43,200/- | 137/23 ലൈഫ് ഭവന പദ്ധതി-ജനറൽ | 3,43,200/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 3,93,893/- | 34/23 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,93,893/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 5,00,160/- | 237/23 പാൽ സബ്സിഡി | 5,00,160/- | 0 |
| ആകെ | | | 12,37,253/- | | 12,37,253/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 10,60,000/- | 133/23 ലൈഫ് ഭവന പദ്ധതി | 10,60,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 9,81,000/- | 49/23 വിജയഭേരി | 9,81,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 6,60,000/- | 137/23 ലൈഫ് ഭവന പദ്ധതി | 6,60,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 5,75,000/- | 237/23 പാൽ സബ്സിഡി | 5,75,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 1,31,697/- | 34/23 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,31,697/- | 0 |
| ആകെ | | | 34,07,697/- | | 34,07,697/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ / വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 27/23 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200719/ 17.12.2022 | 22396 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| KWA | പൈപ്പ് ലൈൻ മാറ്റി വെക്കൽ | 22200719 05.07.2022 | 39000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |
| KWA | 57/23പൈപ്പ് ലൈൻ മാറ്റി വെക്കൽ | 22200223 31.03.2023 | 740000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹38,60,000/- വരവ് വന്നിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷ വരവ്) (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ലൈഫ് ഭവന വായ്പ (കെ യു ആർ ഡി എഫ് സി) | സ.ഉ.(കൈ) നം. 68 /2018/ ത.സ്വ.ഭ.വ./ 18.05.2018 | 38,60,000/- | 15,39,718/- | 15,64,254/- | 0 | 38,35,464/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2019-20 | 2-2, 27 | 300/- | രാകേഷ് കൃഷ്ണൻ, വാഴയിൽ | 1210100133/ 26.04.2022 |
| 2018-19 | 2-1 (B) | 5000/- | പൗലോസ് കെ പി | 1220102611/ 10.01.2023 |

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന തുക അതത് ഇനത്തിന്റെ വരവിനോടൊപ്പമാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹1,41,91,700.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹3,30,90,140.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹4050.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹13,68,686.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| (1-32) 3-1 | ---- | ₹4050 | ജുവൽ ജോയ്, ഡയറി ഫാം ഇൻസ്ട്രക്ടർ. |
| ആകെ | ---- | ₹4050/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 69,800/- | ശ്രീ. സേതു കെ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 1,39,000/- | ശ്രീമതി. സാവിത്രികുട്ടി.പി.എൻ, സെക്രട്ടറി. |
| 1-25 | 22,396/- | ശ്രീമതി. സാവിത്രികുട്ടി.പി.എൻ, സെക്രട്ടറി. |
| 1-26 | 28,600/- | ശ്രീമതി. സാവിത്രികുട്ടി.പി.എൻ, സെക്രട്ടറി. |
| 1-28 | 22,400/- | ശ്രീ.മുഹമ്മദലി, ഹെഡ്മാസ്റ്റർ |
| 1-29 | 1,79,892/- | ശ്രീ.മുഹമ്മദലി, ഹെഡ്മാസ്റ്റർ |
| 1-30 | 7,40,000/- | ശ്രീമതി. സാവിത്രികുട്ടി.പി.എൻ, സെക്രട്ടറി. |
| 1-31 | 1,11,947/- | ഡോ. സാറ നന്ദ മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-33 | 54,651/- | ശ്രീമതി. സാവിത്രികുട്ടി.പി.എൻ, സെക്രട്ടറി. |
| ആകെ | 13,68,686.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഈടാക്കേണ്ട GST | സ്ഥാപനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| --- | --- | --- | ---- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സാവിത്രിക്കുട്ടി പി എൻ, സെക്രട്ടറി | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | മാങ്കുളം ഇല്ലം, പുന്നയം, അശമന്നൂർ |
| ഡോ. സാറ നന്ദ മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ മുടക്കുഴ ഗ്രാമപഞ്ചായത്ത് | നന്ദനം ഹൗസ്, വാഴപ്പിള്ളി.പി.ഒ. |
| ശ്രീ. സേതു കെ.ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | കൊല്ലംമാവുകുടി, കോട്ടപ്പടി പി ഒ |
| ശ്രീമതി.ഹാജറ.പി.എച്ച്, കൃഷി ഓഫീസർ | കൃഷി ഓഫീസർ മുടക്കുഴ ഗ്രാമപഞ്ചായത്ത് | ചിറയിക്കാട്ട് ഹൗസ്, സൗത്ത് വാഴക്കുളം പി.ഒ. |
| ജ്യൂവൽ ജോയ്, ഡയറി ഫാം ഇൻസ്ട്രക്ടർ. | ഡയറി ഫാം ഇൻസ്ട്രക്ടർ, മുടക്കുഴ | മൂഞ്ഞേലി ഹൗസ്, കുറുമശ്ശേരി പി.ഒ, മൂഴിക്കുളം-683579 |
| ശ്രീ.മുഹമ്മദലി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ.യു.പി.എസ് അശമന്നൂർ | മണിയാട്ടുകുടി ഹൗസ്, നെല്ലിക്കുഴി പി.ഒ, ഈസ്റ്റ് ഇരുമലപ്പടി – 686691 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015, തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |

| | |
|---|---|
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10, തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10, തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10, തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011വരെ | എൽ.എഫ്.ഇ.(പി2)-1137/12, തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14, തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16, തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16,തീയതി.10.01.2017 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി2) 2026/17, തീയതി.22.11.2017 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി2) 155/19, തീയതി.18.03.2019 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി2) 1193 /19, തീയതി.06.09.2019 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി2) 512 /21, തീയതി.31/03/2021 |
| 2020-21 | കെ.എസ്.എ ഇ.കെ.എം(പി2) 1076 /22, തീയതി 08.08.2022 |
| 2021-22 | കെ.എസ്.എ ഇ.കെ.എം(പി2) 99/23, തീയതി 29.03.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 25-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mudakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mudakkuzha Grama Panchayat for the year 2022-2023

Date: 02/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Mudakkuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4.Non inclusion of Notes on accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1.Ratios and Notes on Accounts, mandatory financial statements prescribed in Accounting Rules are not submitted for audit.

2. Net increase/ decrease in cash and cash equivalents does not match with the Net Cash Generated By Operating+Investing+Financing Activity.

3. Proper classification and valuation of Assets not done.

4.The provision for doubtful debts for tax and non tax revenues as per G.O (M.S)152/2011/LSGD dtd 26/07/2011, Rule 58(4)H of Kerala Panchayath Raj Accounting rules, 2011 is not made in the Income & Expenditure Statement.

5.Property Tax D.C.B in A.F.S does not match with the DCB in Sanchaya Statements.

6.The Expenditure of Development Fund-General recorded is not accurate.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്